REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ആരോഗ്യരംഗത്ത് സാങ്കേതികവിദ്യ പുരോഗമിച്ചെങ്കിലും വൈദ്യശാസ്ത്രത്തിന്റെ കാതൽ സഹാനുഭൂതിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു**
- **ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയായ ഡോ. BR. അംബേദ്കറുടെ 136-ാം ജന്മവാർഷികമായ ഇന്ന് രാഷ്ട്രം ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു.**
- **ഹോർമുസ് കടലിടുക്ക് ഉൾപ്പെടെ എല്ലാ ഇറാനിയൻ തുറമുഖങ്ങളിലും തീരപ്രദേശങ്ങളിലും ഉപരോധം ഏർപ്പെടുത്തി US നാവികസേന.**
- **വിഷുവിനെ വരവേൽക്കാനൊരുങ്ങി നാടും നഗരവും.**
- **IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ 57 റൺസിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ആരോഗ്യരംഗത്ത് സാങ്കേതികവിദ്യ ഗണ്യമായി പുരോഗമിച്ചെങ്കിലും വൈദ്യശാസ്ത്രത്തിന്റെ കാതൽ സഹാനുഭൂതിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. എയിംസ് രാജ്കോട്ടിന്റെ പ്രഥമ ബിരുദദാന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഡെസ്ക് റിപ്പോർട്ട്. ...

...........വോയ്സ്...........

ആരോഗ്യ മേഖലയിലെ സാങ്കേതിക പുരോഗതി സ്വീകരിക്കണമെന്ന് ഭാവി ഡോക്ടർമാരോട് രാഷ്ട്രപതി ദ്രൗപദി മുർമു ആഹ്വാനം ചെയ്തു. ആരോഗ്യപ്രവർത്തകരിൽ പൊതുജനങ്ങളർപ്പിക്കുന്ന പവിത്രമായ വിശ്വാസത്തെ ചികിത്സാ വൈദഗ്ധ്യത്തിലുപരി ആഴമേറിയ സഹാനുഭൂതിയിലൂടെ ആദരിക്കണമെന്നും രാഷ്ട്രപതി അഭ്യർത്ഥിച്ചു.

രോഗശാന്തിയിൽ ഡോക്ടറുടെ പെരുമാറ്റവും ആശയവിനിമയവും ചികിത്സാ വൈദഗ്ധ്യം പോലെ തന്നെ പ്രധാനമാണ്. സൗരാഷ്ട്ര മേഖലയിൽ എയിംസ് രാജ്കോട്ട് ചെലുത്തുന്ന സ്വാധീനം എടുത്തുപറഞ്ഞ രാഷ്ട്രപതി ഗുണനിലവാരമേറിയ ആരോഗ്യ സംരക്ഷണം എല്ലാവർക്കും കുറഞ്ഞ നിരക്കിൽ ഉറപ്പാക്കുന്നതിന് ഗവേഷണത്തിലും വികസനത്തിലും ഇത്തരം സ്ഥാപനങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് വ്യക്തമാക്കി.

✪✪✪

ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയായ ഡോ. BR. അംബേദ്കറുടെ 136-ാം ജന്മവാർഷികമായ ഇന്ന് രാഷ്ട്രം ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു. അംബേദ്ക്കർ ജയന്തിയോടനുബന്ധിച്ച് രാജ്യമെങ്ങും നിരവധി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂഡൽഹിയിൽ, ഡോ. BR. അംബേദ്കറിന് ശ്രദ്ധാഞ്ജലിയർപ്പിക്കാൻ രാവിലെ പാർലമെന്റ് സമുച്ചയത്തിൽ പ്രത്യേക ചടങ്ങ് സംഘടിപ്പിച്ചിട്ടുണ്ട്.

ജീവിതകാലം മുഴുവൻ സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെ തിരെയും സ്ത്രീകളുടെയും തൊഴിലാളികളുടെയും പാർശ്വവൽകൃത സമുദായങ്ങളുടെയും തുല്യ അവകാശങ്ങൾക്ക് വേണ്ടിയും പ്രവർത്തിച്ച ഡോ. BR അംബേദ്ക്കറിന്റെ സംഭാവനകളെ ഏറെ പ്രാധാന്യത്തോടെയാണ് രാജ്യം അനുസ്മരിക്കുന്നത്.

✪✪✪

ഡോ. B R. അംബേദ്കറുടെ ജന്മവാർഷികത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു ആശംസ നേർന്നു. നിയമജ്ഞൻ, സാമ്പത്തിക ശാസ്ത്രജ്ഞൻ, ചിന്തകൻ, സാമൂഹ്യ സമത്വത്തിന്റെ ശക്തനായ വക്താവ് എന്നീ നിലകളിൽ കഴിവുതെളിയിച്ച വ്യക്തിയായിരുന്നു ഡോ. അംബേദ്കർ എന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു.

അസമത്വങ്ങൾ ഇല്ലാതാക്കാൻ വഴിയൊരുക്കിയതിനൊപ്പം രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങളും ഭരണഘടനാ അവകാശങ്ങളും ശക്തിപ്പെടുത്തുന്നതിലും ഡോ. അംബേദ്കർ നേതൃപരമായ പങ്കുവഹിച്ചതായും സ്ത്രീ വിദ്യാഭ്യാസത്തിനും അവരുടെ അവകാശങ്ങൾക്കും അദ്ദേഹം മുൻഗണന നൽകിയതായും രാഷ്ട്രപതി പറഞ്ഞു.

അംബേദ്കറുടെ ആദർശങ്ങൾ ഉൾക്കൊള്ളാനും നീതിയുക്തവും പുരോഗമനപരവുമായ രാഷ്ട്രം കെട്ടിപ്പടുക്കാനും എല്ലാവരും പ്രതിജ്ഞയെടുക്കണമെന്ന് രാഷ്ട്രപതി ആഹ്വാനം ചെയ്തു.

✪✪✪

അംബേദ്കറിന്റെ 136-ാം ജന്മവാർഷികാഘോഷത്തിന്റെ ഭാഗമായി വൈകിട്ട് ലോക് ഭവനിൽ ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പ്രഭാഷണം നടത്തും. ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അധ്യക്ഷനാകും.

പ്രമുഖരെ ഉൾപ്പെടുത്തി ലോക്ഭവൻ നടത്തി വരുന്ന പ്രഭാഷണ പരമ്പരയുടെ ഭാഗമായാണ് അംബേദ്കർ ജയന്തി പ്രഭാഷണം സംഘടിപ്പിക്കുന്നത്.

✪✪✪

അംബേദ്കർ ജന്മവാർഷികത്തിൽ നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ രാവിലെ പുഷ്പാർച്ചന നടത്തും.

✪✪✪

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെയും ഫ്രാൻസിലെ യൂറോപ്യൻ-വിദേശകാര്യ മന്ത്രാലയ സെക്രട്ടറി ജനറൽ മാർട്ടിൻ ബ്രയൻസിന്റെയും സംയുക്ത അധ്യക്ഷതയിൽ ഇന്ത്യ-ഫ്രാൻസ് വിദേശകാര്യ ഓഫീസ് തല യോഗം ഇന്നലെ പാരീസിൽ ചേർന്നു. ഇരുരാജ്യങ്ങളും തമ്മിലെ ബന്ധം പ്രത്യേക ആഗോള തന്ത്രപ്രധാന പങ്കാളിത്തത്തിലേക്ക് വളരുന്ന പശ്ചാത്തലത്തിൽ ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങളിൽ കൈവരിച്ച പുരോഗതി യോഗത്തിൽ അവലോകനം ചെയ്തു.

ഇന്ത്യ-ഫ്രാൻസ് നവീകരണ വർഷം, സാമ്പത്തിക സുരക്ഷാ സഹകരണം, ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ ചർച്ചകൾ അവസാനിച്ച സാഹചര്യത്തിൽ ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കുകയെന്ന ലക്ഷ്യം എന്നിവയടക്കം പ്രധാന നേട്ടങ്ങളും ഇരുരാജ്യങ്ങളും അവലോകനം ചെയ്തതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽ വിശ്വസനീയ പങ്കാളികളായി അനുകമ്പയോടെ നിലകൊണ്ടതിന് ഇന്ത്യൻ ഗവൺമെന്റിനും ജനങ്ങൾക്കും ഇന്ത്യയിലെ ഇറാൻ അംബാസഡർ ഡോ. മുഹമ്മദ് ഫത്താലി നന്ദി അറിയിച്ചു. ദുഷ്കരവേളകളിൽ ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയതിന്

കേന്ദ്രഗവൺമെന്റിന് നന്ദി രേഖപ്പെടുത്തുന്നതായി അദ്ദേഹം പറഞ്ഞു. ഇന്ത്യയും ഇറാനും പൊതു താൽപ്പര്യങ്ങൾ പങ്കിടുന്നതായും ഭാവിയിലും ഇരുരാജ്യങ്ങളും മികച്ച ബന്ധം തുടരുമെന്നും അംബാസഡർ പറഞ്ഞു.

✪✪✪

ഇസ്ലാമാബാദിൽ സമാധാന ചർച്ചകൾ ധാരണയാവാതെ പിരിഞ്ഞതിനെത്തുടർന്ന് പശ്ചിമേഷ്യയിൽ സംഘർഷം വീണ്ടും രൂക്ഷമായി. ഹോർമുസ് കടലിടുക്ക് ഉൾപ്പെടെ എല്ലാ ഇറാനിയൻ തുറമുഖങ്ങളിലും തീരപ്രദേശങ്ങളിലും യു.എസ് നാവികസേന ഉപരോധം ഏർപ്പെടുത്തി. ഉപരോധം ഇന്നലെ വൈകിട്ട് ഏഴരയോടെ പ്രാബല്യത്തിൽ വന്നു.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ

(വോയ്സ്)

പേർഷ്യൻ ഉൾക്കടലിലെയും ഒമാൻ ഉൾക്കടലിലെയും ഇറാനിയൻ തീരപ്രദേശങ്ങളിൽ പ്രവേശിക്കുകയോ അതുവഴി കടന്നുപോകുകയോ ചെയ്യുന്ന കപ്പലുകൾക്ക് നിയന്ത്രണം ബാധകമാണെന്ന് യു.എസ് കേന്ദ്ര കമാൻഡ് അറിയിച്ചു.

അതേസമയം, ഇറാനിയൻ ഇതര ലക്ഷ്യസ്ഥാനങ്ങളിലേക്ക് പോകുന്ന കപ്പലുകൾക്ക് ഹോർമുസ് കടലിടുക്ക് വഴി സഞ്ചരിക്കാനാകുമെന്നും യു.എസ് വ്യക്തമാക്കി. നിലവിൽ ഇറാനിയൻ തുറമുഖങ്ങളിൽ നങ്കൂരമിട്ട കപ്പലുകൾക്ക് പോകാൻ പരിമിതമായ സമയപരിധിയും നൽകിയിട്ടുണ്ട്. ആഗോള അസംസ്കൃത എണ്ണ കയറ്റുമതിയുടെ അഞ്ചിലൊന്ന് ഭാഗം ഹോർമുസ് കടലിടുക്ക് വഴിയായതിനാൽ ഉപരോധം ഊർജ്ജ വിപണിയെ സാരമായി ബാധിക്കും. ഉപരോധം തുടർന്നാൽ ശക്തമായ നീക്കവുമായി മുന്നോട്ടു പോകുമെന്ന് ഇറാൻ പ്രതികരിച്ചു.

അതേസസമയം, ഹോർമുസ് കടലിടുക്കിലെ യു.എസ് ഉപരോധത്തിൽ ഇംഗ്ലണ്ടിന് പങ്കില്ലെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയർ സ്റ്റാർമർ പറഞ്ഞു. സൈനിക നടപടികളിലേക്ക് നീങ്ങാതെ സുപ്രധാന കപ്പൽ പാതകളിലെ സഞ്ചാരം സുഗമമാക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

തന്ത്രപ്രധാന ജലപാതയുടെ ഉപരോധത്തിൽ പങ്കാളിയാകാൻ ആവശ്യപ്പെട്ട് യു.എസിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ലെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസ് വ്യക്തമാക്കി.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജിലെ BDS വിദ്യാർഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് തലശ്ശേരി സബ് കളക്ടർ കാർത്തിക് പാണിഗ്രാഹിയുടെ നേതൃത്വത്തിൽ കോളേജിൽ തെളിവെടുപ്പ് നടത്തി. പ്രിൻസിപ്പലിൽ നിന്നും അധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നുമാണ് സബ് കലക്ടർ തെളിവ് ശേഖരിച്ചത്. വിശദമായ അന്വേഷണത്തിനുശേഷം ഗവണ്മെന്റിന് റിപ്പോർട്ട് സമർപ്പിക്കുമെന്ന് സബ് കലക്ടർ അറിയിച്ചു.

✪✪✪

കാർഷികോത്സവമായ വിഷുവിനെ വരവേൽക്കാനൊരുങ്ങി നാടും നഗരവും. നാളെ മേടമാസം പുലരുമ്പോൾ മലയാളികൾ കണികണ്ടുണരും. വിഷുവിന് കണിയൊരുക്കാൻ അവസാനവട്ട തയ്യാറെടുപ്പിലാണ് എല്ലാവരും.

വിപണികളിൽ ഇന്ന് നല്ല തിരക്ക് അനുഭവപ്പെടും. വിഷുക്കോടിയുടുത്ത് കൃഷ്ണ വിഗ്രഹത്തിന് മുന്നിൽ അലങ്കാരങ്ങളോടെ കണി ഒരുക്കി, വിഭവസമൃദ്ധമായ സദ്യ തയ്യാറാക്കി വിഷു ആഘോഷത്തിൽ പങ്കു ചേരാനൊരുങ്ങു കയാണ് മലയാളികൾ.

ക്ഷേത്രങ്ങളിൽ വിഷുവിന് പ്രത്യേക പൂജകളും ചടങ്ങുകളും ഉണ്ടാകും.

✪✪✪

ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർക്ക് സുഗമമായ വിഷുക്കണി ദർശനത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. നാളെ പുലർച്ചെ 2.55മുതൽ 3.55 വരെയാണ് വിഷുക്കണി ദർശനം. തുടർന്ന് നിർമ്മാല്യം, അഭിഷേകം ഉൾപ്പെടെ പതിവ് പൂജകളും ദർശനവുമുണ്ടാകും.

✪✪✪

ശബരിമലയിൽ നാളെ വിഷുപൂജ. പുലർച്ചെ നാലു മുതൽ ഏഴുവരെ വിഷുകണി ദർശനവും വിഷുക്കൈനീട്ടവു മുണ്ടാകും. മണ്ഡലപൂജ കാലം കഴിഞ്ഞാൽ കൂടുതലായി തീർഥാടകരെത്തുന്ന സമയമാണ് വിഷുപൂജാ കാലം എന്നതിനാൽ സുരക്ഷ ഉൾപ്പെടെ ക്രമീകരണങ്ങൾ സന്നിധാനത്ത് ഒരുക്കിയിട്ടുണ്ട്.

✪✪✪

നിലമ്പൂർ ആദിവാസി മേഖലകളിൽ വിഷു ആഘോഷത്തിന് ഭക്ഷ്യക്കിറ്റുകളുമായി വനപാലകരെത്തി. അകമ്പാടം ഫോറസ്റ്റ് സ്റ്റേഷനിലെ വനപാലകരാണ് കിലോമീറ്ററുകൾ സഞ്ചരിച്ച് പന്തീരായിരം ഉൾവനത്തിലെ അമ്പുമല, വെറ്റിലക്കൊല്ലി, പാലക്കയം ആദിവാസി നഗറുകളിലെത്തി കുടുംബങ്ങൾക്ക് പലചരക്ക് സാധനങ്ങളും പച്ചക്കറികളുമുൾപ്പെടെ കിറ്റുകൾ

നൽകിയത്. എടവണ്ണ ഫോറസ്റ്റ് റെയ്ഞ്ച് ഓഫീസിന്റെ നേതൃത്വത്തിലാണ് തൃശ്ശൂരിലെ തടാകം ഫൗണ്ടേഷനുമായി സഹകരിച്ച് കിറ്റുകൾ വിതരണം ചെയ്തത്.

✪✪✪

കോഴിക്കോട് ജില്ലയിലെ കാർഷിക മേഖലകളായ വയലുകളിൽ കണിവെള്ളരി വിളവെടുപ്പ് തുടങ്ങി. മാവൂർ, പെരുവയൽ, ചാത്തമംഗലം, ചെത്തുകടവ്, ചെറുകുളത്തൂർ, വെള്ളന്നൂർ, കുറ്റിക്കാട്ടൂർ ഭാഗങ്ങളിലാണ് കണിവെള്ളരി വിളവെടുപ്പ്.

പശ്ചിമേഷ്യൻ യുദ്ധം കാരണം ഇത്തവണ വിദേശത്തു നിന്നും ഓർഡറുകളില്ല. വന്യജീവി പ്രശ്നങ്ങളും കർഷകർ നേരിടുന്നുണ്ട്.

✪✪✪

ആലപ്പുഴ ചെന്നിത്തല കാറായ്മ ദേവി ക്ഷേത്രത്തിലെ കെട്ടുകാഴ്ച ഉത്സവം തടസപ്പെടുത്തരുതെന്ന് ജില്ലാ കോടതി ഉത്തരവിട്ടു. വിഷു കെട്ടുകാഴ്ച ഉത്സവം നിരീക്ഷിക്കാൻ അഭിഭാഷക കമ്മീഷനെയും കോടതി നിയോഗിച്ചു.

കെട്ടുകാഴ്ച സമിതികൾ സമർപ്പിച്ച ഹർജിയിലാണ് ആലപ്പുഴ അഡീഷണൽ ജില്ലാ ജഡ്ജി റോയ് വർഗീസിന്റെ ഉത്തരവ്.

കെട്ടുകാഴ്ചകളുടെ പ്രവേശനം സ്വകാര്യ വ്യക്തികൾ തടസപ്പെടുത്തിയതിനെ തുടർന്നാണ് കെട്ടുകാഴ്ച സമിതികൾ കോടതിയെ സമീപിച്ചത്.

✪✪✪

ഹൈദരാബാദിൽ IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, രാജസ്ഥാൻ റോയൽസിനെ 57 റൺസിന് പരാജയപ്പെടുത്തി. സൺറൈസേഴ്സ് ഹൈദരാബാദ് ഉയർത്തിയ 216 റൺസ് വിജയലക്ഷ്യം രാജസ്ഥാന് മറികടക്കാനായില്ല. രാജസ്ഥാൻ ഈ മത്സരത്തിൽ പരാജയപ്പെട്ടെങ്കിലും പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്താണ്. സൺറൈസേഴസ് നാലാം സ്ഥാനത്തുമാണ്.

ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. ചെന്നൈയിലെ MA ചിദംബരം സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരക്കാണ് മത്സരം.

✪✪✪

തെക്കുപടിഞ്ഞാറൻ കാലവർഷം ഇത്തവണ സാധാരണയിലും താഴെയായിരിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ആദ്യ ഘട്ട കാലവർഷ പ്രവചനം ഏപ്രിലിലും രണ്ടാം ഘട്ട പ്രവചനം മെയ് അവസാനത്തോടെയും പുറപ്പെടുവിക്കും. തെക്കുപടിഞ്ഞാറൻ കാലവർഷ സമയത്ത് എൽനിനോ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്നും കാലാവസ്ഥാ വകുപ്പ് ഡയറക്ടർ ജനറൽ മൃത്യുഞ്ജയ മൊഹപത്ര ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ അഗ്നിരക്ഷാസേനാ ദിനം. 1944 ഏപ്രിൽ 14ന് മുംബൈ തുറമുഖത്തെ വിക്ടോറിയ ഡോക്കിൽ നങ്കൂരമിട്ട ബ്രിട്ടീഷ് കപ്പലിലുണ്ടായ തീപിടിത്തത്തിൽ ജീവത്യാഗം ചെയ്ത അഗ്നിരക്ഷാ സൈനികരുടെ ഓർമദിനമാണ് എല്ലാവർഷവും ദേശീയ അഗ്നിരക്ഷാ സേനാ ദിനമായി ആചരിക്കുന്നത്.

അഗ്നിരക്ഷാസേനയുടെ പ്രവർത്തനങ്ങളിൽ പൊതുജനത്തെ ഉൾപ്പെടുത്തി മികച്ച സേവനം ഉറപ്പാക്കുകയാണ് ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

*News Editor : ഹബീബ് റഹ്മാൻ*
*News Reader: ഫസ്ന ഫാത്തിമ*
*News Team: എ വി ഫർദിസ്*
*DEO : സി കെ സുബോധ്*